(ബി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പദ്ധതി നടത്തിപ്പ് സർക്കാർ യഥാസമയം വിലയിരുത്താറുണ്ടോ ;

(സി) 2000 മാർച്ച് 31-ന് ശേഷം ഓരോ വർഷവും കേന്ദ്ര സംസ്ഥാന പദ്ധതികളുടെ ഭാഗമായി അനുവദിക്കപ്പെട്ട എന്തു തുക വീതം ലാപ്സായി പോയിട്ടുണ്ട്. സ്കോളർഷിപ്പ് നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുകയിൽ എന്ത് തുക ലാപ്സായിട്ടുണ്ട് എന്നിവ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) കേന്ദ്ര സർക്കാർ അനുവദിച്ച തുകയൊന്നും തന്നെ ലാപ്സായിട്ടില്ല. എന്നാൽ സംസ്ഥാന പദ്ധതിയിനത്തിൽ പട്ടികജാതി വികസന വകുപ്പിൽ 2001-02-ൽ 2.74 ലക്ഷം രൂപയും, 2003-04-ൽ 202.30 ലക്ഷം രൂപയും ലാപ്സായിട്ടുണ്ട്. അതേ സമയം 2002-03 വർഷത്തിൽ 2284 ലക്ഷം രൂപ അധികമായി ചെലവഴിച്ചിട്ടുമുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ തുകയൊന്നും ലാപ്സായിട്ടില്ല.

പന്തളത്തെ പ്രീ-മെട്രിക്ക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണം

163 [939] ശ്രീ. കെ. കെ. ഷാജു : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക്ക് ഹോസ്റ്റലിന്റെ കെട്ടിടനിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ആയതിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് പറയാമോ ;

(സി) പ്രസ്തുത ഹോസ്റ്റലിന്റെ പണി സമയബന്ധിതമായി തീർക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പന്തളം പ്രീ മെട്രിക്ക് ഹോസ്റ്റലിന് കെട്ടിടനിർമ്മാണത്തിനുള്ള ഒരു നിർദ്ദേശം പന്തളം ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുണ്ട്.

(ബി, സി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പന്തളം പ്രീ-മെട്രിക്ക് ഹോസ്റ്റലിന്റെ നടത്തിപ്പ് ചുമതല പന്തളം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. പ്രസ്തുത ഹോസ്റ്റലിനുവേണ്ടി കെട്ടിട നിർമ്മാണം നടത്തുന്നതിന് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് എസ്.സി.പി. ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നും 2004-05 വർഷം സമർപ്പിച്ച 6 ലക്ഷം രൂപയുടെ പ്രോജക്ട് 30-11-2004-ൽ കൂടിയ ഡി.പി.സി. അംഗീകരിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന് ഈ വർഷം 1,04,373 രൂപ വകകൊള്ളിച്ചിട്ടുമുണ്ട്. കെട്ടിടം പണി ആരംഭിക്കേണ്ടത് പന്തളം ബ്ലോക്ക് പഞ്ചായത്താണ്. നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്താൻ ബ്ലോക്ക് പഞ്ചായത്തിനോടാവശ്യപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly